# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1476      02.07.2015 ലെ മറുപടിക്ക്

**പാറ്റൂരിലെ ആവൃതി മാൾ ഫ്ലാറ്റ് നിർമ്മാണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ : | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) പാറ്റൂരിലെ ആവൃതി മാൾ ഫ്ലാറ്റ് നിർമ്മാണത്തിന് കോടതിയുടെ സ്റ്റേ & ഉണ്ടായിരുന്നോ; എങ്കിൽ വിശദമാക്കുമോ;<br><br>(ബി) ഫ്ലാറ്റിന്റെ നിർമ്മാണം ഇപ്പോഴും നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്നാണ് സ്റ്റേ നീക്കിയതെന്ന് വ്യക്തമാക്കുമോ; ഫ്ലാറ്റിന്റെ നിർമ്മാണത്തിനായി എന്നാണ് വൈദ്യുതി കണക്ഷൻ നൽകിയതെന്ന് അറിയാമോ; | (എ) & (ബി) ആവൃതി മാൾ ഫ്ലാറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് ബഹു.ഹൈക്കോടതിയുടെ 26.09.2014 ലെ ഉത്തരവ് പ്രകാരം നിർമ്മാണത്തിലിരിക്കുന്ന ഫ്ലാറ്റ് സമുച്ചയത്തിൽ പ്ലാസ്റ്ററിംഗ്, പ്ലംബിംഗ് വർക്ക്, ഇലക്ട്രിക്കൽ വർക്ക് തുടങ്ങിയ ഇന്റേണൽ വർക്ക്സ് മാത്രം നടത്താവുന്നതാണെന്നും, പ്രസ്തുത നിർമ്മാണങ്ങൾ ഉടമയുടെ സ്വന്തം ഉത്തരവാദിത്വത്തിൽ നടത്തണമെന്നും ഈ വിഷയത്തിൽ അന്തിമ തീരുമാനം ബഹു.ലോകായുക്തയുടെ വിധിക്കനുസരിച്ച് ആയിരിക്കണമെന്നും പരാതിക്കാധാരമായ കെട്ടിടത്തിലോ ഭൂമിയിലോ പുതിയ നിർമ്മാണങ്ങൾ ഒന്നും നടത്തരുതെന്നും ഉത്തരവായിട്ടുണ്ട്. ആർടെക് എമ്പയർ എന്ന ഫ്ലാറ്റിന്റെ നിർമ്മാണത്തിനായി ശ്രീ.റ്റി.എസ്.അശോക് എന്ന വ്യക്തിയുടെ പേരിൽ എൽ.റ്റി.6 എഫ് (LT 6 F) താരിഫിൽ 12.01.2012 ൽ വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. |
| (സി) പ്രസ്തുത ഫ്ലാറ്റ് സർക്കാർ പുറമ്പോക്ക് കൈയേറിയാണ് നിർമ്മിച്ചതെന്ന് വകുപ്പിന് അറിയാമായിരുന്നോ; എങ്കിൽ വിശദമാക്കുമോ? | (സി) പത്രമാധ്യമങ്ങളിൽ സർക്കാർ ഭൂമി കൈയേറിയാണ് ആർടെക് ഫ്ലാറ്റ് നിർമ്മാണം നടക്കുന്നതെന്ന് വാർത്ത വന്നതിന്റെ അടിസ്ഥാനത്തിൽ ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) പരിശോധന നടത്തി സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൽ കെട്ടിടനിർമ്മാതാക്കളുടെ ഉടമസ്ഥതയിലില്ലാത്ത 16.5 സെന്റ് ഭൂമികൂടി ഉൾപ്പെട്ടിട്ടുണ്ടെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഫ്ലാറ്റ് സർക്കാർ പുറമ്പോക്ക് കൈയേറിയാണോ നിർമ്മാണം നടത്തുന്നതെന്ന് പരിശോധിക്കുവാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ